# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2614** — **18.06.2018- ൽ മറുപടിക്ക്**

**മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ പ്രവൃത്തികൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ 26 റീച്ചുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 20 പദ്ധതികളുടെ ഡി.പി.ആർ കിഫ്ബി-യിൽ സമർപ്പിച്ചിരുന്നു. 15 പദ്ധതികൾക്ക് അംഗീകാരമായി 4 പദ്ധതികൾ ടെണ്ടർ നടപടികളുടെ അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ രണ്ടാംഘട്ടത്തിലെ 2 പദ്ധതികൾക്കും അംഗീകാരം ലഭിച്ചു. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായി NATPAC-നെ ഏർപ്പെടുത്തുകയും NATPAC സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഫൈനൽ അലൈൻമെന്റ് 21.05.2017-ലെ സ.ഉ (സാധാ)നം.679/2017/ പൊ.മ.വ പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. NATPAC സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം തീരദേശ പാതയുടെ നീളം 655.6 കി.മീറ്ററും ആയതിന് വേണ്ടിവരുന്ന ചെലവ് കണക്കാക്കിയിട്ടുള്ളത് |

6040 കോടി രൂപയുമാണ്. പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10.07.2017-ലെ സ.ഉ (സാധാ)നം.942/2017/പൊ.മ.വ പ്രകാരം 6500 കോടി രൂപ തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കെ.ആർ.എഫ്.ബി-യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. വിവിധ ജില്ലകളിലായി 249.14 കി.മി നീളത്തിൽ 13 വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ആയതിൽ 12 റോഡുകളുടെ നിലവിലുള്ള വീതി ഉപയോഗിച്ചുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖ കെ.ആർ.എഫ്.ബി-യിൽ ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ സർക്കാർതലത്തിൽ ഭൂമി ഏറ്റെടുക്കൽ വഴി 12 മീറ്റർ വീതിയിൽ തീരദേശപാത നിർമ്മിക്കുന്നതിനായി തീരുമാനം എടുത്തിട്ടുള്ളതാണ്. ആയതിൽ ഓരോ റോഡിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിലകൂടി ഉൾപ്പെടുത്തി പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) മലയോര ഹൈവേയുടെ പ്രവൃത്തികൾക്കായി കിഫ്ബി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ?

(ബി) മലയോര ഹൈവേയുടെ പ്രവൃത്തികൾക്കായി ഇതുവരെ 4 റീച്ചുകൾക്കായി 395.42 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ